**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5778** **25-03-2025 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് യഥാസമയം എം.എൽ.എ.മാരെ അറിയിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | ആസ്തി വികസന പദ്ധതിയിലെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിവരങ്ങൾ നിയമസഭാ സാമാജികരെ അറിയിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിന് ബന്ധപ്പെട്ട കളക്ടർമാരെയോ ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പിനെയോ ബന്ധപ്പെടാവുന്നതാണ്. |
| (ബി) | ടെണ്ടർ സേവിംഗ്സ് തുകയ്ക്ക് പുതിയ പദ്ധതികൾ ശിപാർശ ചെയ്യുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ടെൻഡർ സേവിങ്സ് സംബന്ധിച്ച 17.12.2022 തീയതിലെ സർക്കാർ ഉത്തരവ് സ.ഉ.(അച്ചടി )നം.145/2022/ധന പ്രകാരം ഒരു പ്രവൃത്തി പൂർത്തിയാക്കി അന്തിമ ബിൽ (FINAL BILL)തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ ആ പ്രവൃത്തിയുടെ യഥാർത്ഥ ചെലവു മനസ്സിലാക്കാൻ കഴിയൂ എന്നതിനാൽ, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ, പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന സേവിംഗ്സ് (Actual Savings) ഏതു സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനു വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനു വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. |
| (സി) | വർക്കല മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരമുള്ള ടെണ്ടർ സേവിംഗ്സ് തുകയിൽ ബാക്കി എത്ര രൂപയുടെ പദ്ധതികൾ ശിപാർശ ചെയ്യുവാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) | വർക്കല നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ നിലവിൽ ടെണ്ടർ സേവിംഗ്സ് ആയി ലഭ്യമായിട്ടുള്ള 54,33,974/-(അമ്പത്തിനാല് ലക്ഷത്തി മുപ്പത്തിമൂവായിരത്തി തൊള്ളായിരത്തി എഴുപത്തിനാല് രൂപ മാത്രം) രൂപയുടെ പ്രവർത്തികൾ ബഹു എം.എൽ.എ.യ്ക്ക് ശിപാർശ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ